# അനുബന്ധം 1

# പഠന ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

### സർവ്വശക്തനായ ദൈവം ഉണ്ടോ?

*(അദ്ധ്യായം 1 ലെ ചോദ്യങ്ങൾ)*

1. ആർക്കെങ്കിലും ചോദിക്കാൻ കഴിയുന്ന മുഖ്യ ചോദ്യം "ദൈവം ഉണ്ടോ?" എന്നതാണ്.
2. "ദൈവം ഉണ്ടോ?" എന്നതു പ്രമുഖമാകാൻ കാരണം ഈ ചോദ്യത്തിനു നാം എങ്ങനെ ഉത്തരം നൽകുന്നു എന്നതിനെ അടിസ്ഥാനപ്പെടുത്തിയിരിക്കും ജീവിതത്തിലെ നമ്മുടെ മറ്റെല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരങ്ങൾ.
3. ദൈവത്തെക്കുറിച്ചുള്ള ഉറപ്പോടുകൂടിയാണ് ബൈബിൾ തുടങ്ങുന്നത്.
4. ലോകത്തിന്റെ തെളിവാണ് ദൈവത്തിൽ വിശ്വസിക്കുവാൻ നമ്മെ നിർബന്ധിക്കുന്ന തെളിവ്. ഭൂമിയും പ്രപഞ്ചവും ദൈവവും ഉണ്ടെന്നു ഇട വിടാതെ പ്രഖ്യാപിക്കുന്നുണ്ട്.
5. ദൈവത്തോട് ബന്ധപ്പെട്ടല്ല മനുഷ്യന്റെ നിലനിൽപ്പെങ്കിൽ, നമുക്ക് (1) ജീവന്റെ ഉത്ഭവമോ, (2) പ്രകൃതി നിയമമോ, (3) കുടുംബ നിലനില്പോ വിവരിക്കാൻ കഴിയുകയില്ല.

### ബൈബിൾ, ദൈവവചനം

*(അദ്ധ്യായം 2 ലെ ചോദ്യങ്ങൾ)*

1. ഗ്രീക്ക് പദ പ്രയോഗം "ദൈവശ്വാസിയം" എന്നു തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അക്ഷരിക അർത്ഥം "ദൈവം - ശ്വസിച്ച" എന്നാണ്. ഭൗതിക എഴുത്തുകാർ വ്യത്യസ്ത ഉത്തേജനത്താൽ "ശ്വാസിയർ" എന്നു

പറയപ്പെടുന്നുണ്ട്, എന്നാൽ ബൈബിളിന്റെ ശ്വാസിയതയുടെ ഉറവിടം ദൈവം ആണെന്നു തറപ്പിച്ചു പറയുന്നു.

2. ബൈബിൾ നശിപ്പിക്കുവാൻ ഡയോക്ലീഷ്യൻ ശ്രമിച്ചുവെങ്കിലും പരാജയപ്പെട്ടു. വാസ്തവത്തിൽ, നൂറുവർഷങ്ങൾക്കു ശേഷം, മറ്റൊരു റോമാ ചക്രവർത്തി പുതിയ നിയമം, ഇരുപത്തിനാലു മണിക്കൂറിനുള്ളിൽ അമ്പതിരട്ടി കോപ്പികൾ ആയി അച്ചടിച്ച് വിതരണം ചെയ്തു.
3. ആരോഗ്യ പരിപാലനത്തെയോ ശുചിത്വത്തെയോ ഒന്നും അറിയാത്ത ലോകത്തിൽ എഴുതപ്പെട്ടതായ മോശെയുടെ പുസ്തകങ്ങൾ ആധുനിക ആശയങ്ങൾ കാഴ്ചവെക്കുന്നതാണ്. ശാസ്ത്രജ്ഞന്മാർ രോഗാണുക്കളെ കണ്ടുപിടിക്കുന്നതിനു മൂവായിരം വർഷങ്ങൾക്കു മുൻപ്, എഴുതപ്പെട്ടതാണെങ്കിലും ലേവ്യാ പുസ്തകം 13:45 രോഗം പടരാതിരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നല്കുന്നു.
4. ബൈബിളിൽ, സാഹിത്യത്തിനു പരിചയമുള്ള എല്ലാ വിഷയങ്ങളും അടങ്ങുന്നു. നാല്പതിൽ - അധികം എഴുത്തുകാരാൽ രണ്ടായിരത്തിലധികം വർഷമെടുത്ത് എഴുതിയത്, തികഞ്ഞ ഐക്യതയെ കാണിക്കുന്നു.
5. ബൈബിളിന്റെ വിഷയം യേശുക്രിസ്തു എന്ന - മനുഷ്യന്റെ സംഭവങ്ങളാണ്.
6. മറ്റു പുസ്തകങ്ങളേക്കാൾ മനുഷ്യരെ സ്വാധീനിക്കുവാൻ കഴിവുള്ളതാണ് ബൈബിൾ. അതു ചരിത്രത്തിന്റെ ഒഴുക്ക് മാറ്റി, ചക്രവർത്തിമാരെ ഉയർത്തി, അതിലെ വഴികൾ അനുസരിച്ചവരെ വിജയിപ്പിക്കയും അനുഗ്രഹിക്കയും ചെയ്തിട്ടുണ്ട്.
7. ബൈബിൾ വായിക്കുന്നവർക്ക് തങ്ങളുടെ നിത്യതക്ക് പ്രത്യാശയും ഉറപ്പും നൽകുകയും പ്രിയപ്പെട്ടവർ വേർപിരിയുമ്പോൾ ആശ്വാസവും നൽകുന്നു.
8. ദൈവ വചനത്തിന്റെ അത്ഭുതങ്ങളിൽ അതിന്റെ പുരാതനത്വം, ആധുനികത, വൈവിധ്യത, ഐക്യത, വിഷയം, സ്വാധീനം, ആശ്വാസം എന്നിവ അടങ്ങുന്നു.

## പിതാവായ ദൈവം ആർ?

*(അദ്ധ്യായം 3 ലെ ചോദ്യങ്ങൾ)*

1. ഏകസത്യ ദൈവം ഒന്നു മാത്രം. അവനാണ് സകലത്തെയും സൃഷ്ടിച്ചത്. അവൻ മാത്രം നിത്യൻ, സർവ്വ - ശക്തൻ, എല്ലാം - അറിയുന്ന, സർവ്വ - വ്യാപിയും.
2. ദൈവികത്വം എന്ന പഴയ നിയമ ആശയം ഉല്പത്തി 1:26, ഉല്പത്തി 3:22, ഉല്പത്തി 11:7, യെശയ്യാവ് 6:8-ൽ കാണാം.

3. യേശുവിന്റെ സ്നാനം, മനുഷ്യന്റെ വീണ്ടെടുപ്പു പ്രവൃത്തി, പ്രാർത്ഥന, മഹത്തായ ആജ്ഞയിലെ സ്നാനം എന്നിവയിൽ എല്ലാം പിതാവും, പുത്രനും, പരിശുദ്ധാത്മാവും സഹകരിച്ചു പ്രവർത്തിക്കുന്നു.
4. യേശു ക്രിസ്തു മുഖാന്തരം മാത്രമെ മനുഷ്യനു ദൈവത്തോട് അടുക്കുവാൻ സാധിക്കൂ. ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഉള്ള ആധികാരിക മദ്ധ്യസ്ഥനും അവൻ മാത്രമാണ്.
5. ദൂതന്മാർ, വിശുദ്ധന്മാർ, (അല്ലെങ്കിൽ മരിച്ച ആത്മാക്കൾ) മുഖേന ദൈവത്തോട് അടുക്കാൻ സാധ്യമല്ല എന്ന് യോഹന്നാൻ 14:6 ഉം 1 തിമൊഥെയൊസ് 2:5 ഉം പഠിപ്പിക്കുന്നു.
6. മനുഷ്യരോടുള്ള അവന്റെ ബന്ധത്തിൽ യേശുവിനെ "മനുഷ്യപുത്രൻ" എന്നു വിളിച്ചിരിക്കുന്നു.
7. ദൈവത്തെക്കുറിച്ചും ബൈബിൾ പറയുന്ന ചില വസ്തുതകൾ ഇവയാണ്: (1) പിതാവും, പുത്രനും, പരിശുദ്ധാത്മാവും ഉണ്ട്. (2) മൂന്നു പേരും കൂടെയാണ് ദൈവികത്വം ആകുന്നത്. (3) അവർ യോജിച്ച് ഒന്നായിരിക്കുന്നു. (4) അവർ നിത്യരാണ്, മറ്റുള്ള സൃഷ്ടികളിൽനിന്നും വ്യത്യാസമുള്ളവരാണ്. (5) അവർ ഇഷ്ടത്തിലും ഉദ്ദേശത്തിലും ഒന്നാണ്.
8. ദൈവം എല്ലാം സൃഷ്ടിച്ചു എന്നതു ഈ സത്യത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു: (1) എല്ലാ യാഥാർത്ഥ്യങ്ങളുടെയും പിന്നിൽ അവനാണ്. (2) അവൻ നിത്യനാണ്. (3) അവൻ സർവ്വശക്തനാണ്. (4) അവൻ സർവ്വവും - അറിയുന്നവനാണ്. (5) അവൻ മാത്രമാണ് ജീവനുള്ള സത്യദൈവം.
9. ദൈവം തുടർന്നും ഈ ലോകത്തിൽ പ്രവർത്തിക്കുന്നു എന്നു കൊലൊസ്യർ 1:16, 17 വാക്യങ്ങളിൽ നമ്മോടു പറയുന്നു, എല്ലാം ഒരുമിച്ച് അവൻ വഹിക്കയും ചെയ്യുന്നു. ഭൂമിയെ അതിന്റെ പ്രകൃതി നിയമത്താൽ നിലനിർത്തുന്നു എന്നു യുക്തമായ വീക്ഷണത്താൽ തെളിയുന്നു. ഭൂവാസികളായ മനുഷ്യർക്കു തുടർച്ചയായി അവൻ വായു, വെള്ളം, സൂര്യപ്രകാശം എന്നിവ നല്കുന്നു.
10. യേശുക്രിസ്തു മുഖാന്തരമുള്ള ദൈവത്തിന്റെ ന്യായവിധി വ്യക്തിപരവും, പ്രത്യേകവും, സാർവ്വദേശീയവുമാണ്.

## യേശു, ദൈവപുത്രൻ

*(അദ്ധ്യായം 4 ലെ ചോദ്യങ്ങൾ)*

1. യേശുക്രിസ്തു ദൈവപുത്രനാണെന്ന സത്യമാണ് ക്രിസ്ത്യാനിത്വത്തിന്റെ ഹൃദയത്തിൽ ഉള്ളത്.
2. യേശുവിന്റെ ജനനപ്രവചനത്തിൽ, അവന്റെ വംശാവലിയിലെ ചില

പ്രത്യേകതകളും അടങ്ങുന്നതാണ്. ജനനസ്ഥലവും സ്വഭാവവും മുന്നറിയിച്ചിട്ടുണ്ട്. അവൻ ജനിക്കുന്ന സമയത്തുള്ള കൂട്ടക്കൊലയും അവന്റെ മിസ്രയിമിലേക്കുള്ള പലായനവും പ്രവചിച്ചിട്ടുണ്ട്. അവന്റെ ഗലീലയിലെ ജീവിതവും മുന്നറിയിക്കപ്പെട്ടിട്ടുണ്ട്, യെരുശലേമിലേക്കുള്ള അവന്റെ വിജയകരമായ പ്രവേശനം, അവന്നു വഴി മുന്നൊരുക്കുവാൻ വരുന്നതും, അവന്റെ പ്രവൃത്തികളും, അവന്റെ ശുശ്രൂഷയും, ഉപമകളാലുള്ള ഉപദേശവും, ജാതികൾക്കിടയിലെ അവന്റെ ദൗത്യവും, യെഹൂദന്മാർ അവനെ തള്ളിക്കളയുന്നതും, എല്ലാം മുൻകൂട്ടി അറിയിച്ചിരുന്നു. യേശുവിനെ ഒറ്റിക്കൊടുക്കുന്നതും മരണവും വളരെ വിശദമായി പ്രവചിക്കപ്പെട്ടിട്ടുണ്ട്. അവന്റെ മരണമൊഴികൾ മുൻകൂട്ടി രേഖപ്പെടുത്തിയിട്ടുണ്ട്. (അദ്ധ്യായം 4 ലെ "അവൻ പഴയ നിയമത്തിലെ പ്രവചനം നിറവേറ്റുന്നതുകൊണ്ട്" നോക്കുക.)

3. യേശുക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ചുള്ള പ്രവചനങ്ങളുടെ നിറവേറൽ കാണിക്കുന്നത് യേശു ദൈവമായിരുന്നുവെന്നും ബൈബിൾ എഴുതിയത് ദൈവ ശ്വാസീയമാണെന്നും ആണ്.
4. യേശു അബ്രഹാമിനു മുമ്പ് ഉണ്ടായിരുന്നുവെന്നും അവൻ ലോകാരംഭത്തിനു മുൻപ് തന്നെ ഉണ്ടായിരുന്നുവെന്നും അവകാശപ്പെട്ടു. അവൻ സ്വർഗ്ഗത്തിൽ നിന്ന് വന്നുവെന്നും ഭൂമിയിൽ അവന് സകല അധികാരങ്ങളും ഉണ്ട് എന്നും പഠിപ്പിച്ചു.
5. താൻ ലോകത്തിന്റെ വെളിച്ചമാണെന്ന് യേശു പറഞ്ഞു; പിന്നെ അവൻ കുരുടന്ന് കാഴ്ച കൊടുത്തു. താൻ ജീവന്റെ അപ്പം ആണെന്ന് പറയുകയും, അവൻ അയ്യായിരം പേരെ പോഷിപ്പിക്കുകയും ചെയ്തു. താൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നുവെന്ന് അവൻ അവകാശപ്പെട്ടു, മരിച്ച ലാസറെ അവൻ ഉയിർപ്പിക്കുകയും ചെയ്തു.
6. യേശുവിന്റെ നന്മയെ പിലാത്തോസിന്റെ ഭാര്യ തിരിച്ചറിഞ്ഞു, ഹെരോദാവിനാലും, ക്രൂശിലെ കള്ളനാലും, യൂദയാലും.
7. കർത്തൃമേശ, കർത്തൃദിവസം, സ്നാനം, നമ്മുടെ കലണ്ടറുകളിലെ തീയതികൾ ഇന്ന് ലോകത്തിൽ യേശുവിന്റെ ഫലമായി ഉണ്ടായതത്രെ.

## പരിശുദ്ധാത്മാവ് ആരാണ്?

(*അദ്ധ്യായം 5 ലെ ചോദ്യങ്ങൾ*)

1. *"എന്ത്?"* എന്നതിനുപകരം *"ആർ?"* എന്ന് ചോദിക്കാൻ കാരണം പരിശുദ്ധാത്മാവ്, ദൈവീക വ്യക്തിത്വത്തോടുകൂടിയ ഒരാളാണ്.
2. പരിശുദ്ധാത്മാവ് ന്യായവിധിയെ പ്രദർശിപ്പിക്കുന്നു എന്ന വസ്തുത, മനസ്സ്, ഇച്ഛ, അറിവും, വികാരങ്ങളും കാണിക്കുന്നത് ഒരു വെറും ശക്തിയല്ല, ഒരു വ്യക്തിയാണ് എന്നത്രെ.

3. 3 ശക്തികളുടെ സ്വഭാവം "ദു:ഖിച്ചു," "അപമാനിച്ചു," അല്ലെങ്കിൽ "കെടുത്തി," എന്നീ സാധാരണവാക്കുകളെപ്പോലെയല്ല വിശുദ്ധീകരിച്ചിരിക്കുന്നത്. ചിലപ്പോൾ പദ്യരൂപത്തിലും ആലങ്കാരിക രൂപത്തിലും കാണാം. ഈ വാക്യങ്ങളുടെ സന്ദർഭം നോക്കിയാൽ ഭാഷാ പദ്യമോ ആലങ്കാരികമോ അല്ല എന്നു സൂചിപ്പിക്കുന്നു. ഒരാൾക്ക് "ദു:ഖിക്കുവാനോ" അല്ലെങ്കിൽ പരിശുദ്ധാത്മാവിനെ "അപമാനിക്കുവാനോ," അവൻ ഒരു വ്യക്തിയായിരിക്കണം.
4. പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും നിത്യമായ, സർവ്വവും - അറിയുന്നു, സർവ്വ - ശക്തിയുമുള്ള, സർവ്വ വ്യാപിയുമായ ഗുണങ്ങൾ പങ്കിടുന്നു. പിതാവിനെയും പുത്രനെയും പോലെ, പരിശുദ്ധാത്മാവിന് സൃഷ്ടിക്കുവാനുള്ള ശക്തിയുണ്ട്.

## ദൈവം മനുഷ്യനായി

*(അദ്ധ്യായം 6 ലെ ചോദ്യങ്ങൾ)*

1. പുതിയനിയമത്തിലെ ആദ്യത്തെ നാലു പുസ്തകങ്ങൾ - സുവിശേഷങ്ങൾ - ദൈവം എങ്ങനെ മനുഷ്യനായി എന്ന് വെളിപ്പെടുത്തുന്നു.
2. ജനനം യേശുവിന്റെ ആരംഭമായിരുന്നില്ല. ലോകം ഉണ്ടാകുന്നതിനു മുൻപ് അവന് പിതാവിന്റെ മഹത്വം ഉണ്ടായിരുന്നു.
3. യോഹന്നാൻ 1:1–5 പഠിപ്പിക്കുന്നത് ഈ നാലു സത്യങ്ങൾ ആണ്: (1) യേശു ഒരു സൃഷ്ടി ആയിരുന്നില്ല. (2) ദൈവം യേശുക്രിസ്തു മൂലം ലോകത്തെ സൃഷ്ടിച്ചു. (3) യേശു ജീവൻ നല്കിയാണ് ജീവനുള്ളവയായിത്തീർന്നത്. (4) യേശു ജീവന്റെയും മരണത്തിന്റെയും കർത്താവാകുന്നു.
4. യേശു ഇറങ്ങി വന്നത് (1) സ്വർഗ്ഗം വിട്ട്, (2) മനുഷ്യനായിത്തീർന്ന, (3) മനുഷ്യനെ ശുശ്രൂഷിച്ചും, (4) മരണത്തിന് കീഴ്പ്പെട്ടു കൊണ്ടുമാണ്.
5. ദൈവം മനുഷ്യനായിത്തീർന്ന വസ്തുതയാണ് ക്രിസ്ത്യാനിത്വത്തിന്റെ കേന്ദ്രസത്യം.
6. യേശുവിന്റെ ജനനം പ്രത്യേകതയുള്ളതാണ് കാരണം അവൻ ജനിച്ചത് കന്യകയിൽ കൂടെയാണ്.
7. നാം ഒരിക്കലും മറക്കരുത് യേശു (1) ദൈവമായിരുന്നു, ആണ്, (2) മനുഷ്യനായിത്തീരുകയും, (3) ദൈവമനുഷ്യനായി ജീവിക്കയും ചെയ്തു.
8. യേശു ദൈവം ആയിരുന്നു: ഒരു മനുഷ്യൻ ഉറുമ്പായി തീരുന്നതിനേക്കാൾ വലിയ ചുവട് ആണ് അവൻ ഒരു മനുഷ്യനായി തീരുക എന്നത്.

## നാം യേശുവിനെ എങ്ങനെ കാണും?

*(അദ്ധ്യായം 7 ലെ ചോദ്യങ്ങൾ)*

1. "രക്ഷകൻ" എന്ന വാക്ക് അത്യാപത്തിൽ നിന്നു ഒരാൾ മറ്റുള്ളവരെ രക്ഷിക്കുന്നതിനെ സൂചിപ്പിക്കുന്നു.
2. നമ്മുടെ പാപങ്ങളിൽ നിന്നു നമ്മെ രക്ഷിക്കുന്നതുകൊണ്ട് യേശു പ്രത്യേക രക്ഷിതാവാണ്. അവൻ ആത്മീയ രക്ഷിതാവാണ്.
3. "ക്രിസ്തു" എന്നതിനർത്ഥം "അഭിഷിക്തൻ അല്ലെങ്കിൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻ എന്നാണ്."
4. യേശു ദൈവപുത്രനാണെന്ന് നമുക്കറിയാം കാരണം യേശു ജനിച്ചപ്പോൾ ദൈവം യേശുവിനെ സ്നാനമേറ്റപ്പോൾ പുത്രനായി പ്രഖ്യാപിച്ചു. അപ്പൊസ്തലനായിരുന്ന യോഹന്നാൻ മൂന്നു സാക്ഷികൾ ഉണ്ടെന്നു പറയുന്നു: ആത്മാവ്, ജലം, രക്തം.
5. പരിശുദ്ധാത്മാവിനേയും, ജലത്തേയും, രക്തത്തേയും കുറിച്ചു അപ്പൊസ്തലൻ പറയുമ്പോൾ സൂചിപ്പിക്കുന്നതു യേശുവിന്റെ ജീവിതത്തിലെ സംഭവങ്ങളാണ്. അവൻ വെള്ളത്തിൽ സ്നാനമേറ്റപ്പോൾ ആത്മാവു അവനിൽ ഇറങ്ങിവന്നു, രക്തം അവന്റെ മരണത്തോടനുബന്ധമായി സംഭവിച്ചതാണ്.
6. പത്രൊസ് തന്റെ കേൾവിക്കാരെ, യേശുവിനെ കർത്താവും ക്രിസ്തുവുമായി സ്വീകരിക്കാൻ വെല്ലുവിളിച്ചു (പ്രവൃത്തി 2:36).
7. യേശു കർത്താവാണെങ്കിൽ (അവൻ *ആകുന്നു*), പിന്നെ നാം അവന്റെ ഉപദേശത്തിനു കീഴ്പ്പെടുകയും നമ്മുടെ ജീവിതത്തിൽ അവനു മുൻഗണന നല്കുകയും വേണം.

## യേശു ഭൂമിയിലേക്ക് വന്നത് എന്തിന്?

*(അദ്ധ്യായം 8 ലെ ചോദ്യങ്ങൾ)*

1. കർത്താവു ഭൂമിയിലേക്കു വന്നതു ചരിത്രത്തിലെ മഹാ സംഭവമായിരുന്നു. അവൻ വന്നു ക്രൂശിൽ മരിച്ചതിനെ ആസ്പദമാക്കിയാണ് നമ്മുടെ രക്ഷ.
2. യേശു മുഴുവനായും മനുഷ്യനും ദൈവവുമായിരുന്നു.
3. യേശു മുഴുവനായും ദൈവവും മുഴുവനായും മനുഷ്യനും ആയിരുന്നു.
4. അവന്റെ സഭ എന്നു വിളിക്കുന്ന ഒരു കൂട്ടം ആളുകളെ - അവന്റെ ശുശ്രൂഷ, മരണം, ഉയിർപ്പ് എന്നിവയാൽ - വിളിച്ചു ചേർക്കുവാനാണ് നമ്മുടെ കർത്താവു വന്നത്.
5. യേശു പന്ത്രണ്ട് അപ്പൊസ്തലന്മാരെ തിരഞ്ഞു വ്യക്തിപരമായി അവരെ പരിശീലിപ്പിച്ചു, അവന്റെ വേർപാടിനുശേഷം അവർ ചെയ്യേണ്ട

ദൗത്യത്തിനായിരുന്നു ആ പരിശീലനം (യോഹന്നാൻ 14:19).

6. ക്രിസ്തുവിന്റെ ജീവിതത്തോട് എങ്ങനെ പ്രതികരിച്ചു അവന്റെ ആത്മീയ ശരീരത്തിലാകാമെന്നാണ് ലേഖനങ്ങൾ കാണിക്കുന്നത്.
7. ഇല്ല, അവന്റെ സഭ ആയി തീരാതെ ശരിയായി കർത്താവിന്റെ ജീവിതത്തോട് നമുക്ക് പ്രതികരിക്കാനാവില്ല.
8. അവന്റെ സഭയായി നാം ജീവിക്കാതെ ഈ ലോകത്ത് നമുക്ക് യേശുവിന്റെ ദൗത്യം നിറവേറ്റാൻ സാദ്ധ്യമല്ല.

## സഭയും ക്രൂശും

*(അദ്ധ്യായം 9 ലെ ചോദ്യങ്ങൾ)*

1. ബൈബിൾ സംഭവത്തിലെ മുഖ്യഭാഗം മനുഷ്യർക്കു വേണ്ടി ക്രൂശിൽ മരിച്ച ദൈവപുത്രന്റെ യാഗമാണ്.
2. ക്രിസ്ത്യാനിത്വത്തിന്റെ കേന്ദ്രബിന്ദുവായി മാത്രമുള്ളതാണ് പാപത്തിനു ദൈവികയാഗവും മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റതും.
3. സഭയില്ലാതെ ക്രിസ്ത്യാനിത്വത്തിനു നിലനില്ക്കാൻ കഴിയുകയില്ല; കാരണം ശരീരം കൂടാതെ തലയ്ക്കു പ്രവർത്തിക്കാൻ സാദ്ധ്യമല്ല, അതുപോലെ തലയില്ലാത്ത ശരീരത്തിനും പ്രവർത്തിക്കാൻ സാദ്ധ്യമല്ല.
4. ക്രൂശ് (1) സഭയെ ഉണ്ടാക്കുകയും, (2) സഭയെ ശുദ്ധീകരിക്കുകയും, (3) സഭയെ, പ്രാവർത്തികമാക്കുകയും ചെയ്യുന്നു.
5. ക്രിസ്തുവിന്റെ ശരീരത്തിലേക്ക് ഒരാൾ പ്രവേശിക്കുന്നത് അവനിലുള്ള വിശ്വാസം മൂലമാണ് (റോമർ 10:10), പാപങ്ങളിൽനിന്നു മാനസാന്തരപ്പെട്ട് (പ്രവൃത്തി 11:18), ക്രിസ്തുവിനെ ദൈവപുത്രനെന്നു ഏറ്റു പറഞ്ഞു (റോമർ 10:10), ക്രിസ്തുവിനോട് ചേരുവാൻ സ്നാനമേല്ക്കുകയും ചെയ്തുകൊണ്ടാണ് (ഗലാത്യർ 3:27).
6. യേശു നമ്മെ വിളിക്കുന്നതു നമുക്കു പാപമോചനവും ജീവനും തരേണ്ടതിനത്രെ.
7. യേശുവിന്റെ ശരീരം സഭയാണ്.

## "സഭ" എന്നാലെന്ത്?

*(അദ്ധ്യായം 10 ലെ ചോദ്യങ്ങൾ)*

1. പരിശുദ്ധാത്മാവു ഉപയോഗിച്ച വാക്കുകൾ മനസ്സിലാക്കുക എന്നതു നിർണ്ണായകമാണ്. ബൈബിൾ സംബന്ധമായ ലോകത്തെ നാം പഠിച്ചാലേ വാക്കുകളുടെ അർത്ഥങ്ങൾ, ചിത്രീകരണങ്ങൾ, വിചാരങ്ങൾ എന്നിവ യേശുവും അപ്പൊസ്തലന്മാരും ഉപയോഗിച്ചത് മനസിലാകുവാൻ അതു അനിവാര്യമാണ്. (അനുബന്ധം 3ഉം അദ്ധ്യായം 10ഉം നോക്കുക.)

2. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവരും ക്രിസ്തുവിന്റെ സുവിശേഷം അനുസരിച്ചവരും ആണ് "സഭ" എന്ന് വിളിച്ചിരിക്കുന്ന വാക്ക് സൂചിപ്പിക്കുന്നത്. ഒരു സ്ഥലത്ത് കൂടിവരുന്ന ക്രിസ്ത്യാനികളെ അവന്റെ ശരീരം "സഭ" എന്നു പറയുന്നു. കൂടാതെ, ലോകം മുഴുവനും ഉള്ള വീണ്ടെടുക്കപ്പെട്ടവരെയും സൂചിപ്പിക്കുന്ന വാക്കാണ്.
3. സഭ ദൈവത്തിന്റെ മന്ദിരമാണ് എന്നതിനർത്ഥം ദൈവം അവന്റെ ജനത്തിൽ വസിക്കുന്നു. ഇക്കാരണത്താൽ, നാം ജീവിക്കയും, പ്രവർത്തിക്കയും, ദൈവം വസിക്കുന്നവരാൽ ദൈവത്തെ ആരാധിക്കണം.
4. ക്രിസ്ത്യാനികൾ "ജീവിക്കുന്ന" കെട്ടിടമായ, സഭയാണ്. ഓരോ ക്രിസ്ത്യാനിയും നിരന്തരമായി വളരണം.
5. ഭർത്താവു ഭാര്യയുടെ തലയാകുന്നതുപോലെ ക്രിസ്തു സഭയുടെ തലയാകുന്നു. ഭർത്താവു ഭാര്യയെ സ്നേഹിക്കുന്നതുപോലെ ക്രിസ്തുവും സഭയെ സ്നേഹിക്കുന്നു.
6. ഒരാൾ ക്രിസ്തുവിന്റെ സഭയിൽ പ്രവേശിക്കുന്നത് വിശ്വാസം, മാനസാന്തരം, ഏറ്റു പറച്ചിൽ, സ്നാനം എന്നിവയാലാണ്. ഓരോ രക്ഷിക്കപ്പെട്ട ആരെയും ക്രിസ്തു തന്റെ സഭയോട് ചേർക്കുന്നു; മനുഷ്യരല്ല.
7. സഭ ക്രിസ്തുവിന്റെ നാമം ധരിക്കുന്നു, അവന്റെ ആരാധനക്കായി കൂടിവരികയും, ലോകത്തിൽ അവന്റെ പ്രവൃത്തി ചെയ്യുകയും ചെയ്യുന്നു. ക്രിസ്ത്യാനികളിൽ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവു വസിക്കുന്നു.

## മുൻപ് പറഞ്ഞിട്ടില്ലാത്ത ശ്രേഷ്ഠമായ സംഭവത്തിന് അടുത്തത്

*(അദ്ധ്യായം 11 ലെ ചോദ്യങ്ങൾ)*

1. മഹത്തായ ആജ്ഞയുടെ നിറവേറലാണ് സഭ (മത്തായി 28:20) ഭൂമിയിലെ ക്രിസ്തുവിന്റെ ശരീരം.
2. പ്രവൃത്തി 2:1 ലെ "അവർ" എന്ന സർവ്വനാമം സൂചിപ്പിക്കുന്നതു പ്രവൃത്തി 1:26 ലെ "പതിനൊന്നു അപ്പൊസ്തലന്മാരെ" ആണ് പെന്തെക്കൊസ്തു നാളിൽ പരിശുദ്ധാത്മ സ്നാനം അപ്പൊസ്തലന്മാർക്കല്ലാതെ മറ്റാർക്കും കിട്ടിയതായി ഒരിടത്തും ബൈബിളിൽ സൂചനയില്ല.
3. അപ്പൊസ്തലന്മാർ പരിശുദ്ധാത്മാവിനാൽ സ്നാനമേറ്റത് ദൈവസന്ദേശം വെളിപ്പെടുത്തുവാനും, അവർ അറിയിക്കുന്ന സന്ദേശം ദൈവത്തിന്റേതാണെന്ന് ഉറപ്പിക്കുന്നതിനും, മറ്റു ക്രിസ്ത്യാനികളിൽ അത്ഭുതവരങ്ങൾ പകർന്നുകൊടുക്കുന്നതിനും ആയിരുന്നു.
4. അപ്പൊസ്തലന്മാരെ പരിശുദ്ധാത്മാവുകൊണ്ട് സ്നാനപ്പെടുത്തിയതിനാൽ പുതിയനിയമം എഴുതിയത് ദൈവശ്വാസിയ പുരുഷന്മാരായിരുന്നു എന്നു തെളിയുന്നു.

5. ക്രിസ്തുവിന്റെ ദൈവികത്വ തെളിവായി, പത്രൊസ് അവന്റെ അത്ഭുതങ്ങൾ, അവന്റെ ഉയിർത്തെഴുന്നേല്പ്, പ്രവചന നിറവേറൽ, സാക്ഷികളുടെ തെളിവു, ആത്മാവ് ഇറങ്ങിവന്നത് എല്ലാം നിരത്തുന്നു.
6. ദൈവത്തിന്റെ വീണ്ടെടുപ്പിൻ പദ്ധതിയുടെ ശക്തമായ ഒന്നാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ്. അവൻ മരിച്ചവരിൽനിന്നും ഉയിർത്തെഴുന്നേറ്റിട്ടില്ലായിരുന്നുവെങ്കിൽ അവനെ ദൈവപുത്രൻ എന്നു വിചാരിക്കാൻ കഴിയുമായിരുന്നില്ല. ഈ വേർപാട് ഏഴാം നൂറ്റാണ്ടായപ്പോഴേക്കും കത്തോലിക്കാ സഭയും പോപ്പിനെ എടുത്തു തിരുമേനി അൻമേനി എന്ന സങ്കീർണ്ണത വരുത്തി. പതിനാറാം നൂറ്റാണ്ടിൽ മറ്റു നാമധേയവിഭാഗങ്ങൾ ഉണ്ടായി.
7. പാപത്തിൽ നഷ്ടപ്പെടുന്നതിനേക്കാൾ വലിയ വിപത്ത് വേറെയില്ല.
8. രക്ഷയുടെ നിബന്ധനകളെക്കുറിച്ച്, മർക്കൊസ് 16:15, 16 വിശ്വാസത്തെ ഊന്നിയും; ലൂക്കൊസ് 24:46, 47, മാനസാന്തരത്തെയും പാപമോചനത്തേയും ഊന്നിപറയുന്നു; മത്തായി 28:18-20 സ്നാനത്തെയും, ഊന്നിയിരിക്കുന്നു.
9. പാപങ്ങളുടെ മോചനത്തിനാണ് സ്നാനമെന്ന് പ്രവൃത്തി 22:16, പ്രവൃത്തി 2:38 മായുള്ള ബന്ധത്തിൽ തെളിയുന്നു.

## പുതിയ നിയമസഭ

*(അദ്ധ്യായം 12 ലെ ചോദ്യങ്ങൾ)*

1. "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും" എന്നതിനർത്ഥം അവർ ദൈവശ്വാസിയരായ അപ്പൊസ്തലന്മാരുടെ ഉപദേശം വിശ്വസ്തമായി പിൻപറ്റി എന്നാണ്. ക്രിസ്ത്യാനികൾ ദൈവവചനത്തോട് അതേ സമർപ്പണം ഉള്ളവർ ആയിരിക്കണം.
2. യെരുശലേമിലെ സഭ, ഏക ഹൃദയവും, മനസും, ഉപദേശവും (പ്രസംഗം) പങ്കിട്ടവരായിരുന്നു.
3. ഇന്നത്തെ സഭ അറിയപ്പെടേണ്ടത് അതിന്റെ മനസ്സലിവിനും ദൈവവചനം അനുസരിക്കുന്നതിനാലും ആകണം. സുവിശേഷം അനുസരിച്ച ഓരോരുത്തരും ക്രിസ്തുവിനോടും മറ്റു സഭാംഗങ്ങളോടുംകൂടെ ഒന്നായി തീരുന്നു. ക്രിസ്ത്യാനികൾ ഏക ഹൃദയത്തിലും ജീവിതത്തിലും ഒരൊറ്റ കൂടുംബമായിത്തീരുന്നു.
4. പുതിയ നിയമസഭ ഏതാണെന്ന തീരുമാനം ദൈവത്തിനുവേണ്ടിയുള്ള നമ്മുടെ ദൈനന്തിന ജീവിതം നമ്മുടെ ആത്മിക തിരിച്ചറിവ്, നമ്മുടെ ആരാധന, നമ്മുടെ ആത്മിയ സേവനം എന്നിവയെ സ്വാധീനിക്കുന്നു.
5. പുതിയ നിയമസഭ പെന്തെക്കൊസ്തു നാളിൽ ആരംഭിച്ചു എന്നു തെളി

യിക്കുന്ന വാക്യങ്ങളാണ് പ്രവൃത്തി 2:41–47; 5:11; 7:38 ഉം 8:1, 3 എന്നിവ.

6. ദൈവവചനത്തിൽ നിന്നു മുഖ്യ പിൻമാറ്റം ഉണ്ടായതു എ.ഡി. രണ്ടാം നൂറ്റാണ്ടിലാണ്. ഈ വേർപാട് ഏഴാം നൂറ്റാണ്ടായപ്പോഴേക്കും കത്തോലിക്കാ സഭയും പോപ്പിനെ എടുത്തു തിരുമേനി അൻമേനി എന്ന സങ്കീർണ്ണത വരുത്തി. പതിനാറാം നൂറ്റാണ്ടിൽ മറ്റു നാമധേയവിഭാഗങ്ങൾ ഉണ്ടായി.
7. വ്യക്തികളായ ക്രിസ്ത്യാനികൾ ചേർന്നതാണ് ക്രിസ്തുവിന്റെ ശരീരം.
8. പുതിയ നിയമത്തിൽ പറയാത്ത പേരിട്ടിരിക്കുന്ന ഏതൊരു കൂട്ടവും പുതിയ നിയമസഭ സഭയായിട്ടു തിരിച്ചറിയാവുന്നതല്ല.
9. അതെ, ദൈവകല്പനകളനുസരിച്ചു സ്ഥാപിച്ചതായ പുതിയ നിയമ പരിശീലനങ്ങളെയാണ് ഇന്ന് ക്രിസ്ത്യാനികൾ പിൻപറ്റേണ്ടത്.

## ദൈവജനത്തിനുള്ള പ്രത്യേകവാക്കുകൾ

(*അദ്ധ്യായം 13 ലെ ചോദ്യങ്ങൾ*)

1. യിസ്രായേലിന്റെ രാജാവും, അവരുടെ ഗവൺമെന്റിന്റെയും മതത്തിന്റേയും തലവനും ദൈവമായിരുന്നു. യിസ്രായേൽ "ദൈവിക നായകത്വ" ത്തിലായിരുന്നു (ദൈവികഭരണം).
2. ശൗൽ രാജാവ് യഹോവയുടെ ദാസൻ ആകേണ്ടിയിരുന്നു. അവന്റെ അധികാരം മോശെയുടെ ന്യായപ്രമാണത്താൽ പരിമിതപ്പെടുത്തിയിരുന്നു.
3. ദാനിയേൽ പ്രവചനമനുസരിച്ച്, വരുവാനിരുന്ന രാജ്യം പ്രത്യേകതയുള്ളതാകും. അതു മറ്റു രാജ്യങ്ങളിൽ നിന്നും വ്യത്യസ്ത സ്വഭാവമുള്ള നിത്യ രാജ്യമായിരിക്കും.
4. പരിശുദ്ധാത്മ സഹായത്താൽ, "രാജ്യം" എന്ന വാക്ക് ക്രമേണ "സഭ" എന്ന വാക്കായി മാറി ഈ വാക്കുമാറ്റം ക്രിസ്തുവിന്റെ രാജാവെന്ന പങ്ക് ആളുകളുടെ ഹൃദയത്തിൽ എങ്ങനെ സഭ എന്നതു രൂപപ്പെട്ടു എന്നു തെളിയിക്കുന്നു.
5. പൗലൊസ് ദൈവരാജ്യത്തിലായിരുന്നു എന്നാൽ സ്വർഗ്ഗീയ രാജ്യത്തിൽ പ്രവേശിക്കുവാൻ അവൻ കാത്തിരുന്നു വിശ്വസ്തരായ ക്രിസ്ത്യാനികൾ ഇപ്പോൾ ക്രിസ്തുവിന്റെ ആത്മിയ ഭരണത്തിൻ കീഴിലാണ്, എന്നാൽ അവർ ദൈവത്തോടും ക്രിസ്തുവിനോടും, പരിശുദ്ധാത്മാവിനോടും കൂടുതൽ അടുത്തു പൂർണ്ണമായ ഒരു ബന്ധത്തിൽ പ്രവേശിക്കും.
6. "സഭ" എന്ന വാക്ക് പുതിയ നിയമത്തിൽ 114 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. പുതിയ നിയമത്തിലെ ഈ വാക്കിന്റെ പ്രാധാന്യം മനസ്സിലാക്കാതെ നമുക്ക് ക്രിസ്തുവിന്റെ രക്ഷാ പദ്ധതി മനസിലാക്കാൻ പ്രയാസമാണ്

(അനുബന്ധം 3 നോക്കുക).

7. “സഭ” എന്ന വാക്ക് പൊതുവിൽ, പ്രവൃത്തി 19:25 ലേതുപോലെ അർത്ഥ മാക്കുന്നത് ഒരു സഭായോഗമാണ്.
8. പുതിയ നിയമത്തിൽ “സഭ” എന്ന വാക്ക് എല്ലായ്പ്പോഴും മതപരമായ “വിളിച്ച് വേർതിരിക്കൽ” അല്ലെങ്കിൽ കൂടിവരവ് എന്ന അർത്ഥത്തിലല്ല ഉപയോഗിച്ചിരിക്കുന്നത്.

## സഭയുടെ ദൈവിക നാമനിർദ്ദേശങ്ങൾ

*(അദ്ധ്യായം 14 ലെ ചോദ്യങ്ങൾ)*

1. യേശു രാജാവും (തല), സഭയിലെ അംഗങ്ങൾ അവന്റെ ആത്മിയ രാജ്യ ത്തിലെ പൗരന്മാരുമാണ്.
2. സഭ നിർമ്മിച്ചതും, വിലെക്കു വാങ്ങിയതും, സമ്പാദിച്ചതും, അതിന്റെ തലയായി സേവനം നടത്തുകയും ചെയ്യുന്നു സഭയെ “ദൈവത്തിന്റെ സഭ” ആയും കാണാം.
3. സഭയ്ക്കു ദൈവികനാമനിർദ്ദേശങ്ങൾ നല്കപ്പെട്ടിട്ടുണ്ട്. നാം അതു ഉപയോഗിക്കണം.
4 സഭയെ ബൈബിളിൽ പറഞ്ഞതുപോലെ തന്നെ നാം പറയുമ്പോൾ, നാം ദൈവം ആഗ്രഹിക്കുന്നതുപോലെ ശരിയായ പാതയിൽ വരിക യാണ്.
5. ക്രിസ്ത്യാനികൾ ദൈവ ഭവനമാണ്. അവർ പരിവർത്തനം ചെയ്യപ്പെ ട്ടപ്പോൾ, ദൈവം അവരെ മക്കളായി ദത്തെടുക്കുന്നു, അവർക്കു ക്രിസ്തു വോടു കൂടി നിത്യജീവനും അവകാശങ്ങളും നല്കി കുടുംബത്തിന്റെ എല്ലാ നേട്ടവും ലഭിക്കുന്നു.
6. ഒരു “ക്രിസ്ത്യാനി” ക്രിസ്തുവിനെ അനുഗമിക്കുന്നവനും അവന്റെ അനുയായികൾ എങ്ങനെ ജീവിക്കണമെന്നു പഠിപ്പിച്ചുവോ അങ്ങനെ ജീവിക്കയും വേണം.
7. പൗലൊസ് പറഞ്ഞു, “എനിക്കു ജീവിക്കുന്നതു ക്രിസ്തുവും, മരി ക്കുന്നതു ലാഭവും ആകുന്നു.”
8. പരിവർത്തനത്താൽ, ഒരാളെ ദൈവം തന്റെ പൈതലായി ദത്തെടു ക്കുന്നു. അങ്ങനെ അവനോ അവർക്കോ നിത്യാവകാശവും ശക്തിയും ദൈവഭവനത്തിലെ താങ്ങും ലഭിക്കുന്നു. ദൈവം പിതാവായും, യേശു മൂത്തസഹോദരനായും, മറ്റുള്ളവർ ക്രിസ്തുവിൽ സഹോദരീ സഹോ ദരന്മാരും ആയിത്തീരും.
9. പുതിയ നിയമത്തിൽ “ശിഷ്യൻ” എന്ന വാക്ക് 238 പ്രാവശ്യം കാണു ന്നുണ്ട്.
10. ഒരു ശിഷ്യൻ തനിക്കുയർന്നവനിൽ നിന്നു തുടർച്ചയായി കേട്ടു പഠി

ക്കുന്നു. അയാൾ പഠിക്കുന്നവനാണ്, ഒരു വിദ്യാർത്ഥി, കീഴ്പ്പെട്ട് പഠിക്കുന്ന വ്യക്തിയാണ്.

11. "വിശുദ്ധന്മാർ" ദൈവത്തിന്നു വേണ്ടി വേർതിരിക്കപ്പെട്ടവരാണ്. ഒരു സ്ത്രീയോ പുരുഷനോ ക്രിസ്ത്യാനിയായി തീരുമ്പോൾ, ദൈവത്തിനായി വേർതിരിക്കപ്പെട്ട് കഴിയുന്നു: വിശുദ്ധവിളിയാൽ വിളിച്ചവരാണ് വിശുദ്ധന്മാർ വിളിച്ച വിശുദ്ധിക്കനുസരിച്ചു നടക്കുന്നു, അന്ത്യ നാളിൽ ദൈവമുൻപാകെ "വിശുദ്ധരും നിഷ്കളങ്കരും കുറ്റമില്ലാത്തവരും" ആയി കാണപ്പെടുവാൻ ആഗ്രഹിക്കുന്നു. (കൊലൊസ്യർ 1:22 നോക്കുക.)

## സഭയുടെ തല, ക്രിസ്തു

*(അദ്ധ്യായം 15 ലെ ചോദ്യങ്ങൾ)*

1. മുൻപിൽ നയിക്കാത്ത നായകത്വം വാസ്തവത്തിലുള്ള നായകത്വമല്ല.
2. യേശു അവന്റെ നിയമത്താലാണ് സഭയെ നടത്തുന്നത് (എഫെസ്യർ 1:21, 23; കൊലൊസ്യർ 1:18, 19.)
3. കാലാവസാനം വരെ ക്രിസ്തു സഭയുടെ തലയായി വാഴും.
4. തികഞ്ഞ ജീവിതം തികഞ്ഞ രക്ഷിതാവായി തീർന്നതു യേശുക്രിസ്തു പിതാവിനെ അനുസരിച്ചതു കൊണ്ടാണ്.
5. നാം എന്തു കാണുന്നുവോ അതായി നാം തീരുന്നു. എങ്ങനെ ജീവിക്കണം എന്നതിനു മാതൃകയായി ക്രിസ്തുവിന്റെ ജീവിതത്തെയാണ് നോക്കുന്നത്, തന്റെ പൂർണ്ണ ജീവിതത്തിൽ ആണ് അവൻ അവരെ നയിക്കുന്നത്.
6. നാം ക്രിസ്തുവിന്റെ മാതൃകയായ താഴ്മയും ശുശ്രൂഷയും പഠിക്കണം.
7. ക്രിസ്ത്യാനികൾ "അന്യോന്യം കാൽ കഴുകുന്നത്" ഓരോരുത്തരും അന്യോന്യം സ്നേഹിച്ചു കൊണ്ടാണ്. അവരുടെ ആവശ്യത്തിനനുസരിച്ചു.

## സഭയിൽ പ്രവേശിക്കൽ

*(അദ്ധ്യായം 16 ലെ ചോദ്യങ്ങൾ)*

1. കർത്താവിന്റെ സഭയുടെ വിലമതിക്കാനാവാത്ത മൂല്യം അതിന്റെ ദൈവിക ആരംഭത്താലും, അതിന്റെ വിലയേറിയ വിലയാലും, അതിൽ വെച്ചിരിക്കുന്ന ഏറ്റവും വലിയ വിലയാലും അത്രെ.
2. അതെ, മഹത്തായ ആജ്ഞയിലെ നിബന്ധനകൾ ഇന്നു നമ്മെ ബാധിക്കുന്നവയാണ്. ലോകാവസാനം വരെ ഇതു പ്രാബല്യത്തിലിരിക്കും (മത്തായി 28:18-20).
3. ക്രൂശിലെ കള്ളൻ രക്ഷിക്കപ്പെട്ടതുപോലെ നമുക്കു രക്ഷിക്കപ്പെടാൻ സാദ്ധ്യമല്ല കാരണം കള്ളൻ പഴയനിയമത്തിൻ കീഴിൽ ആയിരുന്നു.

ഇപ്പോൾ ക്രിസ്തു നമുക്കു വേണ്ടി മരിച്ചതുകൊണ്ട്, നാം മഹത്തായ ആജ്ഞ അനുസരിക്കണം.

4. ഇന്ന് സഭയിൽ അംഗമായി തീരുന്നതിനു, ഒരാൾ വിശ്വസിക്കയും, ക്രിസ്തുവിനെ ഏറ്റു പറയുകയും, സ്നാനം ഏൽക്കുകയും വേണം (പ്രവൃത്തി 2:38, 47).
5. മനുഷ്യർക്കാർക്കും രക്ഷിക്കപ്പെട്ടവരെ കർത്താവിന്റെ സഭയിൽ ചേർക്കാൻ സാദ്ധ്യമല്ല; ദൈവം മാത്രമാണ് അതു ചെയ്യുന്നത്.
6. പ്രവൃത്തികളുടെ പുസ്തകത്തിൽ ക്രിസ്ത്യാനികളാകുവാൻ ആളുകൾ ചെയ്തതു ആരെങ്കിലും ഇന്നു ചെയ്താൽ, ദൈവം അന്ന് തന്റെ ഇഷ്ടം ചെയ്തവരോട് ചെയ്തതു ഇന്നു ചെയ്യും.
7. പ്രവൃത്തി 2-ൽ ആളുകൾ ചെയ്തതു പോലെ സുവിശേഷം അനുസരിച്ചു കഴിയുമ്പോൾ അയാൾക്കുറപ്പിക്കാം അയാൾ ക്രിസ്തുവിന്റെ സഭയിലായി എന്ന് ദൈവത്തിന്റെ വാഗ്ദാനം തീർച്ചയായതു കൊണ്ട് അവനു ഉറപ്പിക്കാം.
8. അതെ, കർത്താവിന്റെ രക്ഷാ നിബന്ധനകൾ മലിനപ്പെടുത്തിയപ്പോൾ, വലിയ കുഴപ്പമാണ് ചെയ്തത്. യേശുവിന്റെ പദ്ധതിയിൽ അവ പ്രാധാന്യമുള്ളതാണ്.

## സഭയുടെ ഐക്യം

*(അദ്ധ്യായം 17 ലെ ചോദ്യങ്ങൾ)*

1. ഐക്യം സുഖകരമാണ് കാരണം ക്രിസ്തുവിൽ വിശ്വാസം വർദ്ധിപ്പിക്കുന്നു. അതു നല്ലതാണ് കാരണം ക്രിസ്തു അതിനായി പ്രാർത്ഥിച്ചിരുന്നു.
2. അവന്റെ ക്രൂശീകരണത്തിനു മുൻപു, ക്രിസ്തു വിശ്വാസികളുടെ ഐക്യതക്കു വേണ്ടി പ്രാർത്ഥിച്ചു.
3. യേശു ക്രിസ്തുവിന്റെ നാമത്തിൽ ഐക്യതക്കായി പൗലൊസ് അപേക്ഷിച്ചു.
4. ഒരു ഭവനത്തിലെ അംഗങ്ങളെപ്പോലെ, ക്രിസ്ത്യാനികൾ ക്രിസ്തുവിനോടും, അന്യോന്യവും ഒന്നായി തീരുന്നു.
5. ഒരു സ്ത്രീയോ പുരുഷനോ ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേൽക്കുമ്പോൾ, ആ വ്യക്തി മറ്റു ക്രിസ്ത്യാനികളുമായി ഒന്നായി തീരുന്നു.
6. സഭയ്ക്കു വിശ്വാസം ഉപദേശവും ഒന്നു മാത്രം. ക്രിസ്തുവിന്റെ ശരീ രത്തിൽ പ്രവേശിക്കുന്ന എല്ലാവർക്കും പരിശുദ്ധാത്മാവ് ഐക്യത നല്കുന്നു. ആ ഐക്യത സൂക്ഷിപ്പാൻ ഓരോ ക്രിസ്ത്യാനിയും തിരുവെഴുത്തുപദേശങ്ങൾ അനുസരിക്കണം.

7. ക്രിസ്തുവിന്റെ ഇഷ്ടത്തിനു കീഴ്പ്പെട്ടാലാണ് ഐക്യതയുണ്ടാവുന്നത്.
8. ഓരോ ക്രിസ്ത്യാനിക്കും ബൈബിൾ അനുസരിക്കണം എന്ന തോന്നലാണ് ഉപദേശങ്ങളിൽ ഐക്യത വരുത്തുന്നത്, എന്നാൽ ദിവസം - തോറും - ഉള്ള ജീവിതത്തിൽ ഐക്യത വരുന്നത് പരസ്പരമുള്ള കരുതലാണ്. സഭയ്ക്കു രണ്ടും ആവശ്യമാണ്.
9. ഐക്യത സൂക്ഷിപ്പാൻ, ക്രിസ്ത്യാനികൾ സഹോദരന്മാരോടും സഹോദരിമാരോടും സ്നേഹത്തിലും കൃപയിലും കരുതണം. ഓരോരുത്തരും സ്വന്തഗുണമോ അഭിപ്രായമോ ഗണ്യമാകാതെ, സ്വാർത്ഥതയാൽ ഒന്നും ചെയ്യാതിരിക്കണം.

## നിത്യമായ പ്രതിഫലവും ശിക്ഷയും

*(അദ്ധ്യായം 18 ലെ ചോദ്യങ്ങൾ)*

1. ദൈവം സ്നേഹവും, ദയയും, ദീർഘക്ഷമയും ഉള്ളവനാകുന്നതുപോലെ, അവൻ ക്രോധവും പ്രതികാരവും ഉള്ളവനാണ്.
2. ദുഷ്ടന്മാരെ തുടർച്ചയായി അവസാനമില്ലാതെ നിത്യത മുഴുവനും ശിക്ഷിക്കും. വെളിപ്പാട് 14:11 പറയുന്നു അവരുടെ ദണ്ഡനം "എന്നും എന്നേക്കും" ഉള്ളത്.
3. നരകത്തിലേക്ക് അയക്കപ്പെടുന്നവർ ദൈവത്തിൽ നിന്നും വേർപെടുത്തും, പിശാചിനോടും അവന്റെ ദൂതന്മാരോടും, ഗന്ധകം കത്തുന്ന തീപ്പൊയ്കയിൽ, പുറത്തെ ഇരുട്ടിൽ, ദൈവത്തിന്റെ പ്രതികാരത്തിനിരയാകും.
4. ശിക്ഷിക്കുന്നവരെ പൗലൊസ് വിവരിക്കുന്നതു, കാഠിന്യമുള്ളവരും മാനസാന്തരപ്പെടാത്ത ഹൃദയമുള്ളവരും, ദൈവത്തെ അറിയാത്തവരും, സത്യത്തെ അനുസരിക്കാത്തവരും എന്നാണ്.
5. നരകത്തിന്റെ ഭയാനകത ഒഴിവാക്കി, സ്വർഗ്ഗത്തിലെത്തുക എന്നതാകണം നമ്മുടെ ഏറ്റവും വലിയ ലക്ഷ്യം.
6. പഴയനിയമത്തിൻ കീഴിലുള്ളവർക്കു കനാൻ ദേശവും, ദീർഘായുസ്സും സമൃദ്ധിയും വാഗ്ദാനം ചെയ്തിരുന്നു. ക്രിസ്ത്യാനികൾക്കു വാഗ്ദാനം ചെയ്തിരിക്കുന്നതു എന്നേക്കുമുള്ള സ്വർഗ്ഗമാണ്.
7. "സ്വർഗ്ഗം" എന്നുവിളിച്ചിരിക്കുന്നതു മൂന്നു വ്യത്യസ്ത മേഖലകൾ അടങ്ങുന്നതാണ്; (1) പറക്കുന്ന പക്ഷികളും മേഘങ്ങളും ഉള്ള; (2) നക്ഷത്രങ്ങളും സ്ഥിരനക്ഷത്രങ്ങളും നിറഞ്ഞുനില്കുന്ന പ്രപഞ്ചം; (3) ദൈവത്തിന്റെ വാസസ്ഥലം.
8. നമുക്ക് അവിടെ സൂര്യൻ, ചന്ദ്രൻ, വിളക്ക് എന്നിവ ഉണ്ടാകയില്ല കാരണം ദൈവം നമുക്കു വെളിച്ചമായിരിക്കും. നമുക്ക് ഭൗതികമായ ആഹാരം ആവശ്യമില്ല, കാരണം നമുക്കു ജീവവൃക്ഷഫലമുണ്ട്.

9. ദൈവേഷ്ടം ചെയ്യുന്നവരാണ് സ്വർഗ്ഗത്തിൽ പോകുന്നത്.

## മാനസാന്തരം

*(അദ്ധ്യായം 19 ലെ ചോദ്യങ്ങൾ)*

1. മരണശേഷം, ധനവാന്റെ മുൻഗണനകൾ മാറി. അവൻ തന്റെയും തന്റെ സഹോദരങ്ങളുടേയും ആത്മീയാവസ്ഥയെകുറിച്ച് ചിന്തിക്കാൻ തുടങ്ങി.
2. "മാനസാന്തരം" എന്നതു മൂലക്കല്ലു വാക്കാണ് കാരണം മാനസാന്തരപ്പെടുന്നവർക്കേ ക്രിസ്ത്യാനികളായി തീരുവാൻ കഴിയു. വാസ്തവത്തിൽ, യഥാർത്ഥമാനസാന്തരത്താൽ മാത്രമേ നിത്യജീവന്റെ വാതിൽ തുറക്കയുള്ളു.
3. യൂദ ദുഃഖിച്ചു (മത്തായി 27:3) എന്നതു കാണിക്കുന്നതു മാനസാന്തരം വെറും ദുഃഖത്തെക്കാൾ കൂടുതലാണ് എന്നാണ്. യേശുവിനെ ഒറ്റിക്കൊടുത്തതിനാൽ യൂദാ ദുഃഖിച്ചു, എന്നാൽ അവൻ മാനസാന്തരപ്പെട്ടില്ല.
4. ദൈവഹിത പ്രകാരമുള്ള ദുഃഖം മാനസാന്തരത്തെ ഉളവാക്കുന്നു. ദൈവഹിത പ്രകാരമുള്ള ദുഃഖം നടപടിയുടെ ഭാഗം മാത്രമേ ആകുന്നുള്ളു, എന്നാൽ അതല്ല മാനസാന്തരം.
5. തന്റെ മാനസാന്തരത്തെ വിപ്ലവാത്മക മാറ്റത്തിലൂടെ കാണിച്ചു തന്നു. അവൻ ക്രിസ്തുവിന്റെ സഭയെ ഉപദ്രവിക്കുന്നതു നിർത്തി തന്റെ ജീവിതം മുഴുവൻ ക്രിസ്തുവിനായി സമർപ്പിച്ചു.
6. പൗലൊസ് തെസ്സലൊനിക്യയിലുള്ളവരെ അഭിനന്ദിച്ചു കാരണം "അവർ വിഗ്രഹങ്ങളെ വിട്ടു ജീവനുള്ള ദൈവത്തിലേക്കു തിരിഞ്ഞു" (1 തെസ്സലൊനിക്യർ 1:9). മാനസാന്തരം വെറും പാപത്തിൽ നിന്നു തിരിയൽ മാത്രമല്ല, ദൈവത്തിലേക്കു തിരിയൽ കൂടെയാണ്.
7. മാനസാന്തരം വെറുതെ പാപങ്ങളെ ഏറ്റു പറയുന്നതിനേക്കാൾ കൂടുതലാണ്. അതിൽ പാപത്തിൽ നിന്നു തിരിയലും ക്രിസ്തുവിലേക്കു തിരിയുന്നതും ആകുന്നു. ചിലർ വിചാരിക്കുന്നത് മറ്റാരോടെങ്കിലും പാപം ഏറ്റു പറയുന്നതു മാനസാന്തരമാണെന്നാണ്: നമ്മുടെ പാപത്തെ അറിയേണ്ടതു ആവശ്യമാണ് (യാക്കോബ് 5:16), എന്നാൽ അത് പാപ പരിശീലനങ്ങൾ ഉപേക്ഷിക്കുന്നതു ആയിരിക്കണം.
8. ദൈവത്തിന്റെ നന്മ, പ്രതിഫല വാഗ്ദാനവും, ശിക്ഷയെക്കുറിച്ചുള്ള ഭയവും മാനസാന്തരപ്പെടുവാനുള്ള മൂന്നു ആത്മിയ പ്രോത്സാഹനങ്ങളാണ്.

## യേശുവിനെ നിങ്ങൾ എന്തുചെയ്യും?

*(അദ്ധ്യായം 20 ലെ ചോദ്യങ്ങൾ)*

1. സ്വർഗ്ഗത്തിലേക്കുള്ള വഴി യേശുക്രിസ്തു മാത്രമാകയാൽ, നമുക്ക് അവനോടുള്ള പ്രതികരണം അനുസരിച്ചിരിക്കും നാം നമ്മുടെ നിത്യത ചെലവഴിക്കുന്നത്.
2. കൊച്ചു കുട്ടികൾക്കും ശിശുക്കൾക്കും സ്നാനത്തിന്റെ ആവശ്യമില്ല കാരണം അവർക്കു പാപത്തെ മനസിലാക്കാൻ കഴിയുകയില്ല.
3. സ്നാനം, പാപമോചനത്തിനുള്ളതാണ്.
4. പുതിയ നിയമ സഭ തിരിച്ചറിയുവാൻ, ചോദിക്കുക, "അവർ പുതിയ നിയമസഭ ആയിത്തീരുവാൻ ശ്രമിക്കുന്നുണ്ടോ?"; "അവർ ഓരോ ഞായറാഴ്ച്ചയും കർത്തൃമേശ ആചരിക്കുന്നുണ്ടോ?"; "ഉപകരണം കൂടാതെയുള്ള പാട്ടാണോ അവർ ആരാധനക്കു ഉപയോഗിക്കുന്നത്?"; "അവർ യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുന്നുണ്ടോ?"; "അവർ ഞായറാഴ്ച്ച ധർമ്മ ശേഖരത്തിൽ നൽകുന്നുണ്ടോ?"; "അവർ എങ്ങനെ നാം രക്ഷിക്കപ്പെട്ടിരിക്കുന്നു?"; "അവർക്ക് ഭൂമിയിൽ ഒരു തലസ്ഥാനം ഉണ്ടോ?"; "അവരുടെ ദൗത്യം എന്താണ്?"
5. റോമർ 6:4 പഠിപ്പിക്കുന്നതു സ്നാനം വെള്ളത്തിലുള്ള അടക്കം ആണെന്നാണ്.
6. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തെ ചുരുക്കി പറയുവാൻ കഴിയുന്നതു അയാൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനപ്പെട്ടു ക്രിസ്തുവിനെ അനുഗമിക്കുന്നവനുമാണ്.
7. ഒരു ക്രിസ്ത്യാനി ദൈവ വചനത്തോട് അടുത്തിരിക്കുന്നതു കൊണ്ട് ക്രിസ്തു വിശ്വസ്തമായി ദൈവത്തെ അനുസരിച്ചത് നമുക്കു അനുകരിക്കാം.
8. ഓരോ ഞായറാഴ്ച്ചയും, അല്ലെങ്കിൽ കർത്തൃ ദിവസം, ക്രിസ്ത്യാനി കൾ ഒരുമിച്ച് ആരാധിക്കുമ്പോൾ പാട്ടു പാടി, പ്രാർത്ഥിച്ച്, ദൈവ വചനം പഠിച്ച്, കർത്തൃമേശയിൽ പങ്കിടുകയും, തങ്ങൾക്കുള്ള പണം നല്കയും ചെയ്യും.
9. കർത്തൃമേശ സ്ഥാപിച്ചു കൊണ്ട്, യേശു കർത്തൃമേശക്ക് പുളിപ്പില്ലാത്ത അപ്പവും, മുന്തിരി വള്ളിയുടെ അനുഭവവും ആണ് ഉപയോഗിച്ചത്.
10. ഒരു ക്രിസ്ത്യാനിയായി തീരുന്നതിനും ക്രിസ്ത്യാനിയായി ജീവിക്കു ന്നതിനും, നിങ്ങൾ (1) ക്രിസ്തുവിന്റെയടുക്കൽ വന്ന്, (2) അവന്നായി ജീവിക്കാൻ തുടങ്ങുക, (3) സഹക്രിസ്ത്യാനികളുമൊത്ത് നിരന്തരമായി ആരാധിക്കുക, (4) മറ്റുള്ളവരെ ശുശ്രൂഷിക്കൽ.